# വൈത്തിരി

# ഗ്രാമപഞ്ചായത്ത്

# 2025–26

# ബജറ്റ്

# ബഡ്ജറ്റ് 2025-26

വൈത്തിരി ഗ്രാമപഞ്ചായത്തിലെ 2025-26 വർഷത്തെ ബജറ്റ് ഏറെ സന്തോഷത്തോടെയാണ് നിങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കുന്നത്. നികുതി പിരിവിൽ തുടർച്ചയായി നാലുവർഷവും 100% നേട്ടം കൈവരിക്കുകയും സ്വരാജ് ട്രോഫി നേടിയെടുക്കാനും നമുക്ക് സാധിച്ചു. ഇതിനായി പ്രവർത്തിച്ച ജനപ്രതിനിധികൾക്കും ജീവനക്കാർക്കും അതിലുപരി പഞ്ചായത്തിനോട് ചേർന്ന് നിൽക്കുന്ന കുടുംബശ്രീ അംഗനവാടി ഹരിത കർമ്മ സേന ആസൂത്രണ സമിതി തുടങ്ങിയ എല്ലാവരെയും ചേർത്ത് നിർത്തി നന്ദി കൂടി ഈ അവസരത്തിൽ അറിയിക്കുന്നു.

കഴിഞ്ഞ നാല് ബഡ്ജറ്റിൽ നമ്മൾ ഊന്നൽ നൽകിയ കൃഷി അനുബന്ധ വികസനം വന്യജീവി പ്രതിരോധം അടിസ്ഥാന വികസനം എല്ലാവർക്കും ഭവനം എല്ലാവർക്കും കുടിവെള്ളം മികവുറ്റ വിദ്യാഭ്യാസവും കലാകായികരംഗം മെച്ചപ്പെടുത്തലും നമ്മുടെ പഞ്ചായത്തിൻറെ മികവിന്റെ ചിറകുകളായി മാറി. കൃഷിയിൽ വ്യത്യസ്തമായ ധാരാളം പദ്ധതികൾ കൊണ്ടുവരുവാൻ സാധിച്ചു. ഐഫാം, ജനകീയ ഫെൻസിങ്, മൺചട്ടി അക്വപോളി, പി.വി.സി ചട്ടികൾ, മണ്ണിന്റെ അംമ്ലത്വം കുറക്കുന്നതിന് സ്ഥിരമായി നൽകിവരുന്ന കുമ്മായം, ഡോളോമൈറ്റ് വിതരണവും ക്ഷീര മേഖലയിൽ തുടർച്ചയായി രണ്ടുവർഷം എല്ലാ വിഭാഗത്തിനും കന്നുകുട്ടി വിതരണം, രണ്ടുവർഷം കറവപശു വിതരണം ഒരു വർഷം പോത്തുകുട്ടികളെയും വിതരണം ചെയ്തു. നമ്മുടെ പഞ്ചായത്തിലെ തൊള്ളായിരത്തോളം വരുന്ന വിധവകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അഞ്ഞൂറോളം കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിലായി കോഴികളെ വിതരണം ചെയ്യുകയും ചെയ്തു. മത്സ്യകൃഷിയിൽ അധികമാരും കൈവെക്കാത്ത മത്സ്യ വളർത്തലിലും പഞ്ചായത്ത് പദ്ധതി വച്ച് നിരവധി കർഷകരെ ഈ രംഗത്തേക്ക് കൊണ്ടുവരുവാനും കൃഷിയിൽ മത്സ്യകൃഷിക്ക് വലിയ സാധ്യത ഉണ്ടാക്കുവാനും സാധിച്ചു. ബഡ്ജറ്റിൽ കൃഷിക്ക് ഊന്നൽ നൽകിയതുവഴി കൃഷിക്കാർക്ക് വരുമാനം വർദ്ധിച്ചു. ഏക്കറുകണക്കിന് തരിശുഭൂമി കൃഷിക്കനുയോജ്യമായി, ക്ഷീരമേഖലയിൽ പാലിൻറെ അളവ് വർദ്ധിച്ചു. കൃഷിയിലേക്ക് പുതുതലമുറയെ ആകർഷിപ്പിക്കുവാനും സാധിച്ചു. എല്ലാവർക്കും വീട് എല്ലാവർക്കും കുടിവെള്ളം ബഡ്ജറ്റ് വഴി നേട്ടമുണ്ടാക്കിയ മറ്റൊരു മേഖലയാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷിച്ച എല്ലാവർക്കും വീട് അനുവദിച്ചു. ജനറൽ വിഭാഗത്തിലെ 75 ശതമാനം അപേക്ഷകർക്കും വീട് അനുവദിക്കുവാൻ നമുക്ക് സാധിച്ചു. എല്ലാവർക്കും കുടിവെള്ളത്തിനായി പ്രാദേശികമായി വിവിധ വാർഡുകളിൽ നാൽപ്പത്തിയേഴ് കുടിവെള്ളപദ്ധതികൾ ഇതിനോടകം നാം പൂർത്തീകരിച്ചു കഴിഞ്ഞു. അതിനപ്പുറം ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സർവീസ് പൈപ്പ് ലൈൻ പ്രവർത്തനം 90 ശതമാനം പൂർത്തീകരിച്ച് 9 ലക്ഷം ലിറ്റർ ജലം ഉൾകൊള്ളാവുന്ന ടാങ്കിൻറെ പ്രവർത്തി അതിവേഗം നടന്നു

വരുകയാണ്. ബഡ്ജറ്റിൽ അടിസ്ഥാന വികസനത്തിന് ഊന്നൽ നൽകിയതുവഴി നിരവധിയായ പുതിയ റോഡുകളും പാലങ്ങളും പണി പൂർത്തീകരിച്ചു കഴിഞ്ഞു. മാവേലി പാലവും കണ്ണാടിച്ചോല പാലവും കോളിച്ചാൽ പാലവും ഇതിന് ഉദാഹരണങ്ങളാണ്. നല്ല സൗകര്യമുള്ള ബസ് സ്റ്റോപ്പുകളും ഫിറ്റ്നസ് സെൻററുകളും പഞ്ചായത്ത് മിനി സ്റ്റേഡിയവും അതിലുപരി ഇപ്പോൾ പണി തുടങ്ങാൻ പോകുന്ന ചുണ്ടേൽ ഷോപ്പിംഗ് കോംപ്ലക്സ്, പണി പൂർത്തീകരിച്ചു വരുന്ന ടേക്ക് എ ബ്രേക്കും നമ്മുടെ അഭിമാനങ്ങളാണ്. വിദ്യാഭ്യാസത്തിനും കലാകായിക രംഗം മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് പ്രാധാന്യം നൽകിയതുവഴി അംഗൻവാടികൾ സ്മാർട്ടാക്കുന്നതിനും നമ്മുടെ സ്വന്തം എൽ.പി സ്കൂൾ മറ്റുള്ള സ്വകാര്യ വിദ്യാലയങ്ങൾക്കൊപ്പം കടപിടിക്കുമാറാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്ഥിരമായി നൽകിവരുന്ന ഫുഡ്ബോൾ പരിശീലനം വഴി ജില്ലാ - സംസ്ഥാന ടീമുകളിൽ നമ്മുടെ കുട്ടികൾക്ക് ഇടംപിടിക്കാൻ കഴിയുന്നത് ഒരു വലിയ നേട്ടമായി ഞാൻ കാണുകയാണ്. ചുണ്ടയിലും പഴയ വൈത്തിരിയിലും ഗ്രൗണ്ട് ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനവും തുടങ്ങി കഴിഞ്ഞു.

പിരിഞ്ഞു പോകുവാൻ കുറച്ചു മാസങ്ങൾ മാത്രമുള്ള ഈ സമയത്ത് ഏറെ ഗൗരവമുള്ളതും മികച്ചതുമായ പ്രവർത്തനത്തിന് മുൻഗണന നൽകണമെന്ന ആഗ്രഹത്തിന് ഈ ബഡ്ജറ്റ് ഊന്നൽ നൽകുകയാണ്. "ശുചിത്വ സുന്ദര വൈത്തിരി എൻറെ അഭിമാനം" എന്നതിൽ ഊന്നി ഉത്തരവാദിത്വ ശുചിത്വവും സുഗന്ധപൂർവ വിനോദ സഞ്ചാരവുമാണ് ഇതുവഴി നാം ലക്ഷ്യംവെക്കുന്നത്. ഇതിനായി നമ്മുടെ സമ്പത്ത് മുഴുവൻ മാറ്റിവെച്ചുള്ള പ്രവർത്തനമല്ല നാം ആഗ്രഹിക്കുന്നത്. എല്ലാവരുടെയും സഹകരണത്തിൽ സ്ഥിരമായ വൃത്തിയിടങ്ങൾ ആക്കി നമ്മുടെ വീടും പൊതു ഇടങ്ങളും മാറ്റണം. നമ്മളുമായി സഹകരികരിക്കാൻ കഴിയുന്ന സ്ഥാപനങ്ങളെ കൂട്ടി ചുണ്ട പാർക്ക് പോലെ നിരവധി ഇടങ്ങളെ മാറ്റണം. ലോകത്തെവിടെയുമുള്ള വൈത്തിരിക്കാർക്ക് അഭിമാനം ആകണം എൻറെ വൈത്തിരി. അങ്ങനെയുള്ള വൈത്തിരിക്കായി നമുക്ക് കൈകോർക്കാം പ്രവർത്തിക്കാം.

മാറിയ കാലത്തിനൊപ്പം നമ്മുടെ നാടും മാറുന്നതിന് ഊന്നൽ നൽകുന്നതാണ് ഈ ബഡ്ജറ്റ്. എല്ലാവിധ ജനവിഭാഗത്തിൻറെ വികസനവും നാടിൻറെ പൊതുവിലുള്ള സാമ്പത്തിക ഉന്നമനവും ഇതുവഴി നമുക്ക് കൈവരിക്കണം വികസന സുന്ദരമാവണം. അല്ലാതെ ഇന്നുകാണുന്ന വികസനമല്ല വേണ്ടത്. പ്രിയ കവി പവിത്രൻ തീക്കുനിയുടെ നാല് വരി കവിത നിങ്ങൾക്ക് മുമ്പിൽവെച്ച് ഈ ബഡ്ജറ്റ് പൊതുചർച്ചക്കായി സഭയ്ക്ക് മുന്നിൽ സമർപ്പിക്കുന്നു.

## വികസനം

വീടുയരും മുമ്പേ മതിലുയരുന്നു

വീട്ടുകാരനെ കാണും മുമ്പെ

കാവൽപട്ടി കുരച്ചു ചാടുന്നു

പെണ്ണു ചോദിക്കും മുമ്പേ

ഭൂമി വിസ്തീർണ്ണം തിരക്കുന്നു

മാസ ശമ്പളത്തിൻറെ

അക്കങ്ങളെത്രയെന്നു തിരക്കുന്നു

നാമിങ്ങനെ വികസിച്ചാൽ

നാളെ നാടെന്താകും.......???

കെട്ടിടനിർമ്മാണാനുമതിക്കുള്ള ഫീസിനത്തിൽ 50 ലക്ഷം രൂപയും ലൈസൻസ് ഫീസിനത്തിൽ 14 ലക്ഷം രൂപയും 2025–26 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു. ടെണ്ടർ ഫോറം ഉൾപ്പെടെ വിവിധ വിൽപ്പന, വിവിധ ബാങ്ക് അക്കൗണ്ടുകളിലുള്ള സ്ഥിരനിക്ഷേപത്തിൽ നിന്നും പലിശ ഉൾപ്പെടെ നികുതിയേതര വരുമാനമായി 2025–26 സാമ്പത്തികവർഷം ആകെ 1,34,50,000 രൂപ വരവിനത്തിൽ പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ പരമ്പരാഗത ചെലവുകൾ വഹിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ പ്രതിവർഷം അനുവദിക്കുന്ന പൊതു ആവശ്യ ഫണ്ടിനത്തിൽ ബജറ്റ് വർഷം 1,27,88,000/ രൂപ പ്രതീക്ഷിക്കുന്നു. 2025–26 വർഷം ഗ്രാമപഞ്ചായത്തിന് വിവിധപ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന തനത്ഫണ്ടുകളുടെ വിഭജനം ചുവടെ ചേർക്കും പ്രകാരമാണ്.

- നികുതി വരവുകൾ – 3,00,00,000
- നികുതിയേതര വരവുകൾ – 1,34,50,000
- ജനറൽപർപ്പസ് ഫണ്ട് – 1,27,88,000
- ആകെ തനത് ഫണ്ട് – 5,62,38,000

വിവിധ ഗ്രാന്റുകൾ ഫണ്ടുകൾ

2025-26 സാമ്പത്തിക വർഷത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി രൂപീകരണത്തിനായി കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റും കേന്ദ്ര സർക്കാറിൽ നിന്നും ലഭ്യമാകുന്ന ഐ സി ഡി എസ് ഫണ്ടും ഉൾപ്പെടെ 10 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. വികസനഫണ്ടിനത്തിൽ 1,82,45,000 ജനറൽ വിഭാഗത്തിലും, 78,10,000 രൂപ പട്ടികജാതി വിഭാഗത്തിലും, 39,31,000 രൂപ പട്ടികവർഗ്ഗ വിഭാഗത്തിലും ലഭിക്കുമ്പോൾ പഞ്ചായത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റപണികൾക്കായി 1,70,08,000 രൂപയും പഞ്ചായത്തിന് കൈമാറികിട്ടിയ ഘടകസ്ഥാപനങ്ങളുടെ നടത്തിപ്പിനും അവയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആയി 70,17,000 രൂപയും പ്രതീക്ഷിക്കുന്നു. ധനകാര്യ കമ്മീഷൻ അടിസ്ഥനഗ്രാന്റ് ഇനത്തിൽ 25,94,000 രൂപയും പ്രത്യേക ഉദ്ദേശഗ്രാന്റ് ഇനത്തിൽ 38,91,000 രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ ഒരു കോടി രൂപയും പ്രതീക്ഷിക്കുന്നു.

വൈത്തിരി ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കുള്ള വിവിധ പെൻഷനുകൾ പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം, തൊഴിൽ രഹിത വേതനം എന്നിവക്കായി ആകെ അഞ്ച് കോടി രൂപ വകയിരുത്തുന്നു. പഞ്ചായത്തിൽ നിലവിൽ ചുവടെ ചേർക്കും പ്രകാരം വിവിധ പെൻഷൻ ഗുണഭോക്താക്കാളാണുള്ളത് .

വാർദ്ധക്യകാലപെൻഷൻ- 1582
വിധവാപെൻഷൻ-816
ശാരീരികമാനസികവെല്ലുവിളികൾനേരിടുന്നവർക്ക്
നൽകുന്ന പെൻഷൻ-217
കർഷകതൊഴിലാളി പെൻഷൻ-163
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ-21
തൊഴിൽ രഹിതവേതനം - 2

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2025-26 വർഷത്തേക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി ആറ് കോടി രൂപ പ്രതീക്ഷിക്കുന്നു. നിലവിൽ പഞ്ചായത്തിൽ നിലവിൽ 1865 ആക്ടീവ് തെഴിലാളികളാണ് ഉള്ളത്. 2024-25 വർഷം 288 പേർക്ക് നൂറ് ദിന തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. ഇത് വരും വർഷങ്ങളിൽ ഗണ്യമായി വർദ്ധിപ്പിക്കണമെന്നാണ് പഞ്ചായത്ത് ആലോചിക്കുന്നത്. ഗ്രാമീണദാരിദ്ര്യം അവസാനിപ്പിക്കുന്നതിൽ മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നൽകിയ സഹായം

ലോകത്തിന് തന്നെ മാതൃകയായിട്ടുള്ളതാണ്. ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വെട്ടികുറക്കുന്ന സമീപനം കേന്ദ്രസർക്കാറിന്റെ ഭാഗത്തുനിന്നും ഉയർന്നുവരുന്നത് ഒട്ടും ആശാവഹമായ കാര്യമല്ലെന്ന് ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്.

ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായി വരും വർഷം 1 കോടി 25 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ത്രിതലപഞ്ചായത്ത് സംവിധാനത്തിൽ മൂന്ന് തലത്തിലുള്ള പഞ്ചായത്തുകളും തീർത്തും വ്യത്യസ്തവും സ്വതന്ത്രവുമായ സ്ഥപനങ്ങളാണെങ്കിലും പരസ്പരപൂരിതമായി പദ്ധതികൾ ഏറ്റെടുക്കുമ്പോഴാണ് പദ്ധതികളുടെ ഗുണഫലങ്ങൾ കൂടുതൽ അനുഭവവേദ്യമാകുന്നത്. വൈത്തിരി പഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി 2025-26 വർഷം 1 കോടി രൂപ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നായി പ്രതീക്ഷിക്കുന്നു

ലൈഫ് ഭവനപദ്ധതിക്കായി ലഭ്യമാകുന്ന വായ്പ പഞ്ചായത്തിന് വർഷാവർഷം ലഭിക്കുന്ന വികസനഫണ്ടിൽ നിന്ന് കുറവ് ചെയ്യുന്ന തരത്തിലാണ് സർക്കാർ ക്രമീകരണം. ചുണ്ടേൽ പുതുതായി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 5 കോടി 4 ലക്ഷം രൂപ വായ്പ ലഭ്യമാവുന്നതാണ്. ഈ ഭരണ സമിതിയുടെ കാലാവധി പൂർത്തീയാവുന്നതിന് മുൻപ് തന്നെ ചുണ്ടേൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതാണ്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാവുന്നത് ഈ ഭരണ സമിതിയുടെ അഭിമാന നേട്ടമാണ്.

47,83,468 രൂപ മുൻബാക്കി ഉൾപ്പെടെ 38,58,07,468 രൂപയാണ് 2025-26 സാമ്പത്തിക വർഷം വരവിനത്തിൽ പ്രതീക്ഷിക്കുന്നത് പ്രതീക്ഷിക്കുന്ന വരവുകൾ ചുവടെ ചേർത്തുപോലെ പട്ടികപ്പടുത്തിയിരിക്കുന്നു

| | | |
|---|---|---|
| **പ്രാരംഭ ബാക്കി – 4783468** | | |
| **വരവുകൾ** | | |
| **നികുതി വരവുകൾ** | | |
| 1 | വസ്തു നികുതി | 23000000 |
| 2 | തൊഴിൽ നികുതി | 6000000 |
| 3 | വിനോദ നികുതി | 1000000 |
| | **ആകെ നികുതി വരവുകൾ** | **30000000** |
| **നികുതിയേതര വരവുകൾ** | | |

| | | |
|---|---|---|
| 1 | ലൈസൻസ് | 1400000 |
| 2 | ജനന മരണവിവാഹരജിസ്ട്രേഷൻ | 50000 |
| 3 | വാടക | 1600000 |
| 4 | കെട്ടിട നിർമ്മാണ ചട്ട പ്രകാരമുള്ളവരവുകൾ | 5000000 |
| 5 | സർട്ടിഫിക്കേറ്റ് ആന്റ് എക്സ്ട്രാക്റ്റ് ഫീസ് | 50000 |
| 5 | പിഴ, നോട്ടീസ് ഫീസ് | 1000000 |
| 7 | മറ്റ് ഫീസുകൾ | 1000000 |
| 8 | യൂസർ ചാർജ്ജുകൾ | 200000 |
| 9 | ടെണ്ടർ ഫോറംവില | 200000 |
| 10 | ഉൽപ്പന്നങ്ങളുടെ വിൽപ്പന | 50000 |
| 11 | ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 100000 |
| 12 | മറ്റ് വസ്തുക്കളുടെ വിൽപ്പന | 50000 |
| 13 | സ്ഥിര നിക്ഷേപ പലിശ | 1000000 |
| 14 | ബാങ്ക് പലിശ | 1500000 |
| 15 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 100000 |
| 16 | ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ | 100000 |
| 17 | മറ്റ് വരവുകൾ | 50000 |
| **ആകെ നികുതിയേതര വരവുകൾ** | | **13450000** |
| 1 | ജനറൽ പർപ്പസ് ഫണ്ട് | **12788000** |
| ആകെ **ഫണ്ട്** | | **56238000** |
| 1 | പദ്ധതി വിഹിതം ജനറൽ | 18245000 |
| 2 | പദ്ധതിവിഹിതം എസ്.സി.പി | 7810000 |
| 3 | പദ്ധതിവിഹിതം ടി.എസ്..പി | 3931000 |
| 4 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 12228000 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 7017000 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക്ക് | 2594000 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് | 3891000 |
| 8 | ഗുണഭോക്തൃവിഹിതം | 1000000 |

| | | |
|---|---|---|
| 9 | വിവിധ പെൻഷനുകൾ, പാവപ്പെട്ട വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം, തൊഴിൽ രഹിത വേതനം | 50000000 |
| 10 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 12500000 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 12500000 |
| 12 | കേന്ദ്രാവിഷ്കത്യ ഫണ്ട് – തൊഴിലുറപ്പ്, ഐസി.ഡി.എസ് ഉൾപ്പടെ | 74780000 |
| 13 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 16820000 |
| 14 | വായ്പ – ഭവനം | 20000000 |
| | വായ്പ – കെട്ടിടം | 51000000 |
| | ആകെ | 294316000 |
| | ആകെ വരവുകൾ | 380554000 |
| | പ്രാരംഭബാക്കി | **4783468** |
| | ഒട്ടാകെ | 385337468 |

## ചെലവ് വിശദാംശങ്ങൾ

പഞ്ചായത്തിന്റെ 2025–26 വർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ആകെ 2 കോടി 14 ലക്ഷം രൂപ വകയിരുത്തുന്നു. ജീവനക്കാരുടെ ശമ്പളത്തിനായി 1 കോടി മുപ്പത് ലക്ഷം രൂപയും കൂലി ഇനത്തിൽ 30 ലക്ഷം രൂപയും വകയിരുത്തുന്നു. ബോണസ് മറ്റ് അലവൻസുകൾക്കായി 3 ലക്ഷം രുപ വകയിരുത്തുന്നു. ജനപ്രതിനിധികളുടെ ഹോണറേറിയം, സിറ്റിംഗ് ഫീ ഇനത്തിൽ 28 ലക്ഷം രൂപ വകയിരുത്തുന്നു. ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും യാത്രബത്ത ഇനത്തിൽ 8 ലക്ഷം രൂപ വകയിരുത്തുന്നു. പെൻഷൻ കോണ്ട്രിബ്യൂഷൻ ഇനത്തിൽ 14 ലക്ഷം രൂപയും അവധി ശമ്പള ഇനത്തിൽ 8 ലക്ഷം രൂപയും വകയിരുത്തുന്നു. ജീവനക്കാരുടെ സേവനവിരാമ ആനുകൂല്യങ്ങൾക്കായി 8 ലക്ഷം രൂപയും വകയിരുത്തുന്നു.

പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾക്ക് 2025–26 ൽ 5405000 രൂപ വകയിരുത്തുന്നു.

ഓഫീസ് ചെലവുകൾക്കായി 5 ലക്ഷം രൂപയും വാർത്താവിനിമയചെലവുകൾക്കായി 5 ലക്ഷം രൂപയും അച്ചടി സ്റ്റേഷനറി ചെലവുകൾക്കായി 4 ലക്ഷം രൂപയും നീതിനിർവ്വഹണന്യായ സേവന ചെലവുകൾക്കായി 2.50 ലക്ഷവും വകയിരുത്തുന്നു. പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവിലേക്കായി 50,000–രൂപയും പരസ്യ പ്രചരണ ചെലവുകൾക്കായി 3 ലക്ഷവും തെരെഞ്ഞെടുപ്പ് ചെലവുകൾക്കായി 10 ലക്ഷം രൂപയും അസാധാരണ ചെലവുകൾക്കായി ഒരു ലക്ഷം രൂപയും വകയിരുത്തുന്നു.

പഞ്ചായത്തിന്റെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ചെലവുകൾക്കായി ആകെ 62 ലക്ഷം– രൂപ വകയിരുത്തുന്നു. ആയതിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 10 ലക്ഷവും ഡീസൽ പെട്രോൾ ഇനത്തിൽ 5 ലക്ഷവും വകയിരുത്തുന്നു. പൊതുടാപ്പുകളുടെ കുടിവെള്ള പദ്ധതികൾക്കായി വാട്ടർചാർജ്ജ് ഇനത്തിൽ 12 ലക്ഷം രൂപ വകയിരുത്തുന്നു. ഓഫീസിലേക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനായി 1 ലക്ഷവും വിവിധ ആസ്തികളുടെ അറ്റകുറ്റപണികൾക്കും സംരക്ഷണത്തിനുമായി 10 ലക്ഷം രൂപയും വകയിരുത്തുന്നു.

2025–26 വർഷത്തിൽ വീട് നിർമ്മാണത്തിനായി 8 കോടി രൂപ വകയിരുത്തുന്നു. പഞ്ചായത്തിലെ ഉൽപാദന മേഖലകളിലെ വിവിധ ചെലവുകൾക്കായി **1,07,00000** രൂപ വകയിരുത്തുന്നു.കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി വിവിധങ്ങളായ പദ്ധതികളുടെ നടത്തിപ്പിനായി 57 ലക്ഷം രൂപയും മൽസ്യ മേഖലയ്ക്കായി 3 ലക്ഷവും മൃഗസംരക്ഷണ–ക്ഷീര മേഖലയ്ക്കായി 47 ലക്ഷം രൂപയും വകയിരുത്തുന്നു.

2025–26 സാമ്പത്തിക വർഷം കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനുമായി 13,16,850 രൂപ വകയിരുത്തുന്നു. അംഗൻവാടി അനുപൂരക പോഷകാഹാരത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ അംഗനവാടികളുടെ ക്ഷേമത്തിനായി 18,15,000 രൂപയും ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള

പഠനസഹായവും അനുബന്ധബത്തകൾ അനുവദിക്കൽ എന്നിവക്കായി 15 ലക്ഷം രൂപയും ഭിന്നശേഷി കുട്ടികളുടെ കലോൽസവത്തിന് 75,000 രൂപയും ഭിന്നശേഷിക്കാരായ ആളുകൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങുന്നതിന് 3 ലക്ഷം രൂപയും വകയിരുത്തുന്നു. വയോജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു. വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിനുള്ള പദ്ധതിയായ 'തണൽ' നടപ്പിലാക്കുന്നതിന് 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റപണികൾക്കും ഗുണനിലവാര വർദ്ധനവിനുമായി ലഭ്യമായ വിവിധ ഫണ്ടുകൾ ചേർത്ത 1 കോടി 22 ലക്ഷത്തി അമ്പത്തി രണ്ടായിരത്തി ഇരുനൂറ് രൂപ വകയിരുത്തുന്നു.

പഞ്ചായത്തിന്റെ ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു. വിവിധ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങുന്നതിന് 19 ലക്ഷം രൂപയും പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയ്ക്കായി 14 ലക്ഷം രൂപ വകയിരുത്തുന്നു. പട്ടികജാതി വിഭാഗത്തിന്റെ വിവിധ ക്ഷേമ, വികസന പ്രവർത്തനങ്ങൾക്കായി 78,10,000 – രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 39,31,000 രൂപയും വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിദ്യഭ്യാസമേഖലയുടെ സമഗ്രവികസനത്തിനായി 8,67,000 രൂപ വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജന നിയന്ത്രണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ വകയിരുത്തുന്നു. ശുചിത്വ സുന്ദര വൈത്തിരി എന്ന ലക്ഷ്യം ഊന്നികൊണ്ട് സീറോ വേസ്റ്റ് വൈത്തിരി ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. തുടർന്നും മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ നല്ല രീതിയിൽ തുടർന്നു വരേണ്ടതുണ്ട്. പ്ലാസ്റ്റിക് മാലിന്യം കയ്യൊഴിയുന്നതിന് വേണ്ടി 10 ലക്ഷം രൂപ വകയിരുത്തുന്നു. ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാവുന്ന തുക ഉപയോഗിച്ച് സാമൂഹിക ശുചിത്വ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. പഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ വിവര ശേഖരണം

നടത്തുന്നതിനും റോഡുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ULCCS മുഖേന നടപ്പിലാക്കുന്ന പ്രൊജക്ടിന് ബജറ്റ് വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ആകെ പ്രതീക്ഷിത ചിലവ് 377872500 രൂപയാണ്

ചെലവുകൾ താഴെ പറയും പ്രകാരം പട്ടികപ്പെടുത്തുന്നു.

| ചെലവുകൾ | | |
|---|---|---|
| **എസ്റ്റാബ്ലിഷ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ്, മെയിന്റനൻസ് ചെലവുകൾ** | | |
| 1 | ശമ്പളം | 13000000 |
| 2 | പെൻഷൻ കോൺട്രിബ്യൂഷൻ | 1400000 |
| 3 | കൂലി, കരാർ നിയമന വേതനം | 2000000 |
| 4 | ബോണസ് | 100000 |
| 5 | മറ്റ് ബത്തകൾ | 200000 |
| 6 | യാത്രാ ബത്ത (ജീവനക്കാർ) | 300000 |
| 7 | യാത്രാ ബത്ത (ജനപ്രതിനിധികൾ) | 500000 |
| 8 | ജനപ്രതിനിധികളുടെ ഹോണറേറിയം | 2000000 |
| 9 | ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീ | 300000 |
| 10 | അവധിശമ്പളം | 800000 |
| 11 | ജീവനക്കാരുടെ സേവന വിരാമ ആനുകൂല്യങ്ങൾ | 800000 |
| | **ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | **21400000** |
| 1 | വാടക, നികുതി | 55000 |
| 2 | ഓഫീസ് ചെലവുകൾ | 500000 |
| 3 | കമ്യൂണിക്കേഷൻ ചെലവുകൾ | 500000 |

| | | |
|---|---|---|
| 4 | മറ്റ് പ്രൊഫഷനൽ സേവനങ്ങൾക്കുള്ള ചാർജ്ജ് | 50000 |
| 5 | പത്രം, മാസിക | 100000 |
| 6 | സ്റ്റേഷനറി, പ്രിന്റിംഗ് | 400000 |
| 7 | ലീഗൽ ചാർജ്ജ് | 250000 |
| 8 | വാഹന ഇൻഷ്യൂറൻസ്/രജിസ്ട്രേഷൻ | 100000 |
| 9 | പരസ്യം, പ്രചരണം | 300000 |
| 10 | മെമ്പർ വരിസംഖ്യ | 50000 |
| 11 | തെരഞ്ഞെടുപ്പ് ചിലവുകൾ | 1000000 |
| 12 | അസാധാരാണ ചെലവുകൾ | 100000 |
| 13 | മറ്റു ഭരണ ചെലവുകൾ | 2000000 |
| | **ആകെ ഭരണ ചെലവുകൾ** | **5405000** |
| 1 | തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് | 1000000 |
| 2 | ഡീസൽ പെട്രോൾ | 500000 |
| 3 | സാധന സാമഗ്രികൾ | 200000 |
| 4 | പൊതു കുടിവെള്ള ടാപ്പ് വാട്ടർ ചാർജ്ജ് | 1200000 |
| 5 | വാഹന വാടക | 400000 |
| 6 | പൊതു കെട്ടിടങ്ങളുടെ അടിയന്തിര അറ്റകുറ്റപണികള് | 200000 |
| 7 | ജംഗമ ആസ്തികളുടെ സംരക്ഷണം | 1000000 |
| 8 | മറ്റ് നടത്തിപ്പ് മെയിന്റനൻസ് ചെലവുകൾ | 1200000 |
| 9 | കുടിവെള്ള സംരക്ഷണവും അറ്റകുറ്റ പണികളും | 500000 |
| **ആകെ പ്രവർത്തന പരിപാലന ചെലവുകൾ** | | **6200000** |
| 1 | പലിശ, ബാങ്ക് ചാർജ്ജ്, മറ്റ് ധനകാര്യ ചെലവുകൾ | 10000 |

| | |
|---|---|
| **എസ്റ്റാബ്ളിഷ്മെന്റ്, ഭരണ, സംരക്ഷണവും നടത്തിപ്പും ചെലവുകൾ – ആകെ** | **33015000** |
| ***പദ്ധതി ചെലവുകൾ*** | |
| കാർഷികമേഖല ചിലവുകൾ | 5700000 |
| മൃഗസംരക്ഷണം ക്ഷീരവികസനം | 4700000 |
| മൽസ്യമേഖല | 300000 |
| **ഉൽപ്പാദന മേഖല ആകെ ചെലവ്** | **10700000** |
| പൊതു കുടിവെള്ള വിതരണം | 800000 |
| ഭവന നിർമ്മാണം | 80000000 |
| വൈദ്യുതീകരണം | 500000 |
| വൃദ്ധക്ഷേമ പരിപാടികൾ | 200000 |
| സാക്ഷരത തുല്യത പരീക്ഷ | 100000 |
| പൊതു ശുചിത്വം മാലിന്യ പരിപാലനം | 7500000 |
| വിദ്യഭ്യാസമേഖല | 600000 |
| യുവജനക്ഷേമം | 500000 |
| പട്ടിക ജാതി പട്ടിക വർഗ്ഗ സ്കോളർഷിപ്പ് | 500000 |
| അംഗൻവാടികൾക്കുള്ള ആകെ ചെലവ് | 1815000 |
| ആരോഗ്യമേഖല ആകെ | 7000000 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പദ്ധതികൾ ആകെ | 2500000 |
| ദാരിദ്യ ലഘൂകരണം | 20000000 |
| വനിത ക്ഷേമ പദ്ധതികൾ | 1500000 |
| പട്ടിക ജാതി ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ | 1000000 |
| പട്ടിക വർഗ്ഗ ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ | 1000000 |
| പ്രത്യേക ശിശു ക്ഷേമ പരിപാടികൾ | 100000 |
| അംഗനവാടി പോഷകാഹാര പരിപാടികൾ | 5000000 |

| | |
|---|---|
| സർവ്വേകളും പഠനങ്ങളും ദൃഷ്ടി | 2000000 |
| പദ്ധതി രൂപീകരണ മോണിറ്ററിംഗ് | 500000 |
| പഞ്ചായത്ത് ഓഫീസ്, ഘടക സ്ഥാപനങ്ങൾ കമ്പ്യൂട്ടറേസേഷൻ | 700000 |
| മറ്റ് പദ്ധതി ചെലവുകൾ | 100000 |
| തൊഴിൽ നൈപുണ്യ വികസനം –തൊഴിൽ പരിശീലനം | 200000 |
| വിഹിതം നൽകൽ പദ്ധതികൾ | 7000000 |
| **ആകെ സേവന മേഖല** | **141115000** |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 51000000 |
| റോഡുകൾ | 12228000 |
| മറ്റ് നിർമ്മാണം പ്രവർത്തികൾ | 5034500 |
| **പശ്ചാത്തല മേഖല ആകെ** | **68262500** |
| **ആകെ പദ്ധതി ചെലവുകൾ** | 220077500 |
| മഹാത്മാഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ഐ.സി.ഡി.എസ് പദ്ധതികൾ | 74780000 |
| **ക്ഷേമ പദ്ധതികൾ** | |
| വിവിധ പെൻഷനുകൾ, പാവപ്പെട്ട വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം, തൊഴിൽ രഹിത വേതനം | 50000000 |
| **ക്ഷേമ പദ്ധതികൾ ആകെ ചെലവ്** | 50000000 |
| **ചെലവുകൾ ഒട്ടാകെ** | 377872500 |

റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ആവശ്യമായ വകയിരുത്തലുകൾ ഉൾപ്പെടുത്തിയ ബഡ്ജറ്റിൽ പ്രതീക്ഷിത വരവ് 38,05,54,000 രൂപയും പ്രാരംഭ ബാക്കി 47,83,468 രൂപയും ഉൾപ്പെടെ ആകെ പ്രതീക്ഷിത വരവ് 38,53,37,468 രൂപയും ആകെ പ്രതീക്ഷിത ചിലവ് 37,78,72500 രൂപയും 74,64,968 രൂപ മിച്ചവും പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലെ സമസ്ത മേഖലയെയും ഉൾചേർത്ത് കൊണ്ടും

സ്ഥായിയും സുസ്ഥിരവുമായ വികസന നേട്ടങ്ങൾ പ്രതീക്ഷിച്ച് കൊണ്ടും വൈത്തിരി ജനതയുടെ ആകെ ക്ഷേമം കാംക്ഷിച്ചുകൊണ്ടും താഴെ പറയും പ്രകാരമുള്ള സംഗ്രഹത്തോട് കൂടിയ ബഡ്ജറ്റ് ചർച്ചക്കും അംഗീകരാത്തിനുമായി സമർപ്പിക്കുന്നു

- മുൻബാക്കി – 47,83,468 രൂപ
- വരവ് – 38,05,54,000 രൂപ
- ആകെ – 38,53,37,468 രൂപ
- ചെലവ് – 37,78,72,500 രൂപ
- നീക്കിയിരിപ്പ് –74,64,968 രൂപ

***************************നന്ദി****************************